# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 164**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

2025 ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനമായി സഭ വേർതിരിച്ചിരിക്കുകയാണ്. 'കുടുംബം: നിർവ്യാജ സ്നേഹത്തിന്റെ ഇടം' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. കഴിഞ്ഞ കാലങ്ങളിൽ ദൈവം ചെയ്ത നന്മകൾക്ക് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതിനും നമ്മെത്തന്നെ ദൈവസന്നിധിയിൽ പുനഃസമർപ്പണം ചെയ്യുന്നതിനും ഈ ദിനാചരണം ഏവരേയും സഹായിക്കട്ടെ.

കുടുംബം – ദൈവം മനുഷ്യന് നൽകിയ ഏറ്റവും വലിയ ദാനമാണ്. ദൈവീക പദ്ധതിയിൽ ഒന്നിക്കപ്പെട്ടവരും ബന്ധിക്കപ്പെട്ടവരുമാണ് ക്രിസ്തു കുടുംബത്തിലെ അംഗങ്ങൾ. നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ഇഷ്ടം ചെയ്യുന്നതിലൂടെയാണ് ക്രിസ്തുവിന്റെ കുടുംബാംഗങ്ങൾ ആയിത്തീരേണ്ടത്. പരസ്പരം സ്നേഹിച്ചും സഹകരിച്ചും മുന്നോട്ടു പോകുമ്പോൾ കുടുംബം ഭൂമിയിലെ ഒരു സ്വർഗ്ഗമായി മാറുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം കൂടുതൽ ദൃഢമാകണം. സ്നേഹം കാരുണ്യപൂർവ്വമായ പ്രവൃത്തികളിലും പരിഗണനയിലും അധിഷ്ഠിതമാണ് എന്ന കാര്യം വിസ്മരിക്കരുത്. സ്നേഹവും, കരുണയും, നീതിയും, തുല്യതയും കുടുംബ ജീവിതത്തിൽ പാലിക്കപ്പെടണം. അന്യോന്യം സ്നേഹിക്കുകയും കരുതുകയും അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ കുടുംബ ബന്ധങ്ങൾ ഊഷ്മളമാകണം. മുതിർന്ന തലമുറയ്ക്ക് കുടുംബത്തിനുള്ളിൽതന്നെ അവർക്കുള്ള സ്ഥാനവും മാനവും ഉറപ്പുവരുത്തണം. കുടുംബ പ്രാർത്ഥന, തിരുവചന പഠനം, ആരാധന എന്നിവയ്ക്കു പ്രാധാന്യം നൽകി ദൈവരാജ്യശുശ്രൂഷയിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുകയും ദൈവിക വിശ്വാസത്തിൽ തലമുറകളെ വളർത്തുന്നതിനുള്ള കടമ നിർവഹിക്കുകയും വേണം.

ഒരോ കുടുംബവും തിന്മശക്തികളിൽ നിന്ന് വിട്ടു നില്ക്കുമെന്ന് പ്രതിജ്ഞ എടുക്കണം. ആവശ്യത്തിലിരിക്കുന്നവരെയും അശരണരെയും സഹായിക്കുന്നതിന് ശ്രദ്ധിക്കുകയും വേണം. കുടുംബ ബന്ധങ്ങൾ സുദൃഢമാക്കുന്നതിന് കൗൺസിലിംഗ് സഹായം ഉപയുക്തമാക്കാവുന്നതാണ്.

ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച ആരാധനയിൽ കുടുംബമായി വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ പങ്കെടുക്കണം. 'ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും' എന്ന തിരുവചനം അനുസരിച്ച് ജീവിതപ്രയാണത്തിൽ മുന്നേറുവാൻ ദൈവം എല്ലാ കുടുംബങ്ങളെയും ബലപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

2025 സെപ്റ്റംബർ മാസം 30-ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 164**

*Blessings to all the Vicars, resident clergy, trustees and members of all the parishes under our authority.*

Dearly beloved in Christ,

The Church has set apart Sunday, October 26, 2025, as the Christian Family Dedication Day. The theme of this year's Family Sunday is 'Family: Place of Pure Love' May the Family Sunday celebration be an opportunity to give praise and thanks for the Divine grace bestowed upon us in the past and rededicate ourselves to God.

Family is God's precious gift given to humankind. Those who are united and bound together in God's divine plan are members of the Christian family. We become members of Christ's family by doing the will of our Lord and Savior Jesus Christ. When we live in love and cooperation with one another, our homes become a glimpse of heaven on earth. The love among family members must grow stronger. Let us not forget that true love is rooted in acts of kindness and consideration. Love, compassion, justice, and equality must be followed in family life. By loving, caring for, and accepting one another, family relationships become warm and meaningful. It is essential that the older generation be given their rightful place and respect within the family. Family prayer, Bible study, and worship must be given due importance, and thereby the work of God's kingdom done diligently. It is our duty to bring up the future generations in God's faith.

Each family must take a vow to stay away from the powers of evil. Parishes must heed to provide the necessary help and care to those in need and the lonely. Counselling is helpful in strengthening family relationships.

All should participate in the Holy Communion as families on Sunday, October 26. May God strengthen and bless all families to work fervently in the ministry of God's kingdom, as it is said in the Bible: "But as for me and my household, we will serve the Lord."

May God's grace be with you all

Dated 30th September 2025 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**

**'ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ട് ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയണമേ, കുറിയേലായിസ്സോൻ'** എന്ന് പ്രതിവാക്യമായി പറയണം

1. കുടുംബജീവിതം നയിക്കുന്നവർ, അതിനായി ഒരുങ്ങുന്നവർ അവിവാഹിത ജീവിതം തെരഞ്ഞെടുത്തവർ, തലമുറകൾ ഇല്ലാതെ ഭാരപ്പെടുന്ന ദമ്പതിമാർ, തക്ക ജീവിത പങ്കാളികളെ ലഭിക്കാതെ ഭാരപ്പെടുന്ന യുവതിയുവാക്കൾ, ദാമ്പത്യജീവിതത്തിലെ വിഷമതകൾ മൂലം അകന്നുകഴിയുന്നവർ, മാതാപിതാക്കളിൽ നിന്നും വേർപെട്ട് കഴിയുന്ന കുഞ്ഞുങ്ങൾ എന്നിവർക്കായും പ്രാർത്ഥിക്കാം.

**പ്രതിവാക്യം. ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ട് ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയണമേ, കുറിയേലായിസ്സോൻ.**

2. ഏകാന്തതയും, വൈധവ്യത്വവും അനുഭവിക്കുന്ന പ്രിയപ്പെട്ടവരെ ഓർക്കാം. വിവിധ മന്ദിരങ്ങളിൽ പാർക്കുന്ന കുഞ്ഞുങ്ങൾ, ജീറിയാട്രിക് കെയർ ഹോമുകളിൽ താമസിക്കുന്ന വൃദ്ധ മാതാപിതാക്കൾ, അവരെ ശുശ്രൂഷിക്കുന്ന പ്രിയപ്പെട്ടവർ, സ്ഥാപനങ്ങൾ, ഫാമിലി കൗൺസിലിംഗ് സെന്ററുകൾ, വിവിധ ആസക്തികളിൽ പെട്ട് ചികിത്സയിൽ കഴിയുന്നവർ എന്നിവരെ ഓർത്ത് പ്രാർത്ഥിക്കാം.

**പ്രതിവാക്യം. ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ട് ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയണമേ, കുറിയേലായിസ്സോൻ.**

3. നമ്മുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും ഓർത്ത് പ്രാർത്ഥിക്കാം. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ദമ്പതികൾ, വിദേശ രാജ്യങ്ങളിൽ പഠിക്കുന്ന മക്കൾ, ഏവരെയും പ്രാർത്ഥനയിൽ ഓർക്കാം.

**പ്രതിവാക്യം. ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ട് ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയണമേ, കുറിയേലായിസ്സോൻ.**

## സമർപ്പണ പ്രാർത്ഥന

പ്രിയ കർത്താവെ, ഞങ്ങൾക്ക് നൽകിയിരിക്കുന്ന കുടുംബ ജീവിതത്തിനായി സ്തോത്രം. ദൈവയിഷ്ടം നിറവേറ്റുന്ന കുടുംബങ്ങൾ ആയിരിക്കാൻ ഞങ്ങളെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. ദൈവവചന ധ്യാനത്തിലും, പഠനത്തിലും, കുടുംബപ്രാർത്ഥനയിലും ജാഗ്രതയുള്ള വരായിരിപ്പാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്നേഹം നിഷ്കളങ്കവും, പ്രതിഫലം ഇച്ഛിക്കാത്തതുമായിരിപ്പാൻ സഹായിക്കണമേ. സത്യമായതൊക്കെയും, ഘനമായതൊക്കെയും, നീതിയായതൊക്കെയും, സൽഗുണമോ, പുകഴ്ചയോ അതൊക്കെയും ഞങ്ങളുടെ ജീവിതത്തിൽ പാലിക്കപ്പെടുവാൻ ഞങ്ങളെ സമ്പൂർണ്ണമായി സമർപ്പിക്കുന്നു. ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന കേൾക്കണമേ. ആമേൻ

***

**Note:** എല്ലാവരും കുടുംബമായി ഒന്നിച്ചിരുന്ന് ആരാധനയിൽ സംബന്ധിക്കുന്നതും, പ്രായമുള്ളവർ കുടുംബമായി വി. കുർബ്ബാനയിൽ പങ്കെടുക്കുന്നതും ഉചിതമാണ്.

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# കുടുംബ പ്രതിഷ്ഠാ ദിനം

## 2025 ഒക്ടോബർ 26

## ആരാധനക്രമം

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)

## ആരാധനാഹ്വാനം

*"ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും, അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും. എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു, എളിയവർ അത് കേട്ട് സന്തോഷിക്കും. എന്നോട് ചേർന്ന് യഹോവയെ മഹിമപ്പെടുത്തുവിൻ, നാം ഒന്നിച്ച് അവന്റെ നാമത്തെ ഉയർത്തുക" (സങ്കീർത്തനം 34:1–3).*

## പാട്ട്
## കൗമാ

## പ്രാരംഭ പ്രാർത്ഥന

പ: അഖിലാണ്ഡത്തിന്റെ ഉടയവനും പരിപാലകനുമായ ദൈവമേ, ഞങ്ങളുടെ കുടുംബങ്ങളെ തിരുസന്നിധിയിൽ പുന:പ്രതിഷ്ഠിക്കുന്നതിനുള്ള ദിനമായി ഈ ദിവസത്തെ വേർതിരിക്കുന്നതിനും കുടുംബമായി ഒത്തുചേർന്ന് നിന്നെ ആരാധിക്കുന്നതിനും സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കിയ നിന്റെ മഹാകരുണയ്ക്കും കൃപയ്ക്കും ആയി തിരുനാമത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. കുടുംബാംഗങ്ങളുടെ പരസ്പര ബന്ധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തതയും മൂല്യബോധവും പകർന്നുതന്ന പുത്രനാം ദൈവമേ, നിനക്ക് ഞങ്ങൾ സ്തോത്രം അർപ്പിക്കുന്നു. ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്തുകയും പ്രതിസന്ധികളിലും പ്രയാസങ്ങളിലും തകർന്നു പോകാതെ തന്റെ സഖിത്വം നൽകി ഞങ്ങളെ സാന്ത്വനിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. കുടുംബ ജീവിതത്തിനായി ഞങ്ങളെ വിളിച്ച് വേർതിരിക്കുകയും അനുദിനം നവീകരിക്കുകയും, പുതുക്കുകയും ശക്തീകരിച്ച് വഴി നടത്തുകയും ചെയ്യുന്ന പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ത്രിയേക ദൈവമേ, സകല സ്തുതിയും മഹത്വവും പുകഴ്ചയും ആരാധനയും നിനക്ക് യോഗ്യമായിരിക്കുന്നു. ആമേൻ

## അനുതാപ പ്രാർത്ഥന

*'നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു'. (1 യോഹന്നാൻ 1: 8, 9).*

***'ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ'*** എന്ന് പ്രതിവാക്യമായി പറയണം

1. 'ഞാൻ നിന്നോട് കൽപ്പിക്കുന്ന വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ച് കൊടുക്കുകയും, നീ വീട്ടിൽ ഇരിക്കുമ്പോഴും, വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം' എന്ന തിരുവചനത്തെ വിസ്മരിക്കുന്ന കുറവിനെ...

**പ്രതിവാക്യം. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.**

2. 'ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല. കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?' എന്ന് അരുളിച്ചെയ്ത കർത്താവേ, നിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ, ഞങ്ങളുടെ പ്രതിസന്ധികളുടെയും വേദനകളുടെയും മദ്ധ്യത്തിൽ ദൈവരാജ്യത്തിലെ സമൃദ്ധമായ അനുഭവങ്ങളെ ഓർക്കാതിരിക്കുകയും തിരുവചനത്തെ അവിശ്വസിച്ചു പോകുകയും ചെയ്തിട്ടുള്ള കുറവിനെ...

**പ്രതിവാക്യം. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.**

3. 'യേശു എഴുന്നേറ്റു കാറ്റിനെ ശാസിച്ചു. കടലിനോട് അനങ്ങാതിരിക്ക, അടങ്ങുക എന്നു പറഞ്ഞു. കാറ്റ് അമർന്നു. വലിയ ശാന്തത ഉണ്ടായി പിന്നെ അവൻ അവരോട്, നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്ത്? നിങ്ങൾക്ക് ഇപ്പോഴും വിശ്വാസമില്ലയോ, എന്ന് പറഞ്ഞു'. ജീവിതത്തിൽ ഭയപ്പെട്ടുപോയ സാഹചര്യങ്ങളിലും, മുമ്പോട്ടു പോകുവാൻ ഒട്ടും കഴിയുകയില്ല എന്നും തോന്നിയ അനുഭവങ്ങളിലും ദൈവത്തിന്റെ ശക്തിയെ അവിശ്വസിക്കുകയും വിശ്വാസത്തിൽ ഉറപ്പില്ലാതെ പോകുകയും ചെയ്ത കുറവിനെ...

**പ്രതിവാക്യം. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.**

## സ്തോത്ര പ്രാർത്ഥന

*'യഹോവയെ സ്തുതിപ്പിൻ നമ്മുടെ ദൈവത്തിനു കീർത്തനം പാടുന്നത് നല്ലത്, അത് മനോഹാരവും സ്തുതി ഉചിതവും തന്നെ' (സങ്കീർത്തനം 147:1)*

***'ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും'*** എന്ന് പ്രതിവാക്യമായി പറയണം

1. 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേര് വരുവാൻ കാരണഭൂതനായ ദൈവമേ നീ മനുഷ്യരെ സൃഷ്ടിക്കുകയും തക്ക ജീവിത പങ്കാളികളെ നൽകുകയും ചെയ്യുന്ന കരുണയ്ക്കായും പ്രതിസന്ധികളുടെയും വെല്ലുവിളികളുടെയും ജീവിത സാഹചര്യ ങ്ങളിൽ ഞങ്ങളുടെ കുടുംബങ്ങളെ കെട്ടുറപ്പോടെ നിലനിർത്തുകയും ചെയ്യുന്ന കൃപയ്ക്കായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

**പ്രതിവാക്യം. ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും.**

2. 'സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരെല്ലാം എന്റെ സഹോദരനും സഹോദരിയും അമ്മയും' എന്ന് അരുളിച്ചെയ്ത യേശു മ്ശിഹായേ, ദൈവേഷ്ടം പ്രാവർത്തികമാക്കുന്നതിലൂടെ ദൈവ രാജ്യത്തിലേക്കുള്ള പ്രവേശനം സാധ്യമാകുമെന്ന് ഞങ്ങളെ പഠിപ്പിച്ചതിനായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**പ്രതിവാക്യം. ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും.**

3. മനോഹരമായ ഈ പ്രപഞ്ചത്തിനായും കുടുംബങ്ങൾക്കായും കുടുംബ ബന്ധങ്ങൾക്കായും അതിന്റെ പവിത്രതയും ഊഷ്മളതയും നഷ്ട മാകാതെ ധാർമ്മികതയിലും മൂല്യബോധത്തിലും നിലനിർത്തുകയും, അനുദിനം നവീകരിക്കുകയും പുതുക്കി നിലനിർത്തുകയും ചെയ്യുന്ന ദൈവമെ നിനക്ക് ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**പ്രതിവാക്യം. ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും**

## മദ്ധ്യസ്ഥ പ്രാർത്ഥന

*'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും' (ഫിലിപ്പ്യർ 4. 6–7)*